**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3709** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകളുടെ അമിതവേഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദീർഘദൂര കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ അലക്ഷ്യമായും മറ്റ് വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും അപകടം ഉണ്ടാക്കുംവിധവും സർവീസ് നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പരാതികൾ ലഭിച്ചിട്ടുണ്ട്.<br><br>ഇതുമായി ബന്ധപ്പെട്ട് ലഭിച്ച 29 പരാതികളിൽമേൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.<br><br>അപകടത്തിന് ഉത്തരവാദികളായ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി.യുടെ Staff Training Centre മുഖേന തിരുത്തൽ പരിശീലനം നടത്തി മാത്രമേ തുടർ ഡ്യൂട്ടികൾക്ക് നിയോഗിക്കുകയുള്ളൂ. ഈ പ്രവണത തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇവരെ കരാറിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br><br>അപകടം, അലക്ഷ്യമായ ഡ്രൈവിങ് തുടങ്ങിയ വിവിധ കാരണങ്ങളിൽ 415 സ്വിഫ്റ്റ് ജീവനക്കാരെ സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ തിരുത്തൽ പരിശീലനത്തിന് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ, വിവിധ അപകടങ്ങളിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ 7 ജീവനക്കാരെ സ്വിഫ്റ്റിന്റെ കരാറിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്. |
| (ബി) | എങ്കിൽ അത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന് സ്വിഫ്റ്റ് ബസുകളിലെ താല്കാലിക ഡ്രൈവർ/കണ്ടക്ടർ -ക്ക് ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ജീവനക്കാർ അലക്ഷ്യമായും മറ്റ് വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും അപകടം ഉണ്ടാക്കുംവിധവും സർവീസ് നടത്തുന്നത് ശ്രദ്ധയിൽപെട്ടാൽ ടി ജീവനക്കാരെ ഡ്യൂട്ടിയിൽ നിന്നും മാറ്റി നിർത്തുകയും വിശദമായ അന്വേഷണത്തിനു ശേഷം കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ തിരുത്തൽ പരിശീലനത്തിനായി നിയോഗിക്കുകയും, ടി പരിശീലനത്തിൽ തൃപ്തികരമായാൽ മാത്രം ഡ്യൂട്ടിയിൽ പുനഃപ്രവേശിപ്പിക്കുന്നതാണ്. ടി പ്രവർത്തി ആവർത്തിക്കുകയുണ്ടായാൽ ടി ജീവനക്കാരനെ |

| | | | |
|---|---|---|---|
| | | | കരാറിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ